പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 7602

23.07.2012ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പ പലിശ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ.ജയരാജ്<br>ശ്രീ.പി.സി. ജോർജ്ജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| എ) | 2003 വർഷം മുതലുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാധ്യത പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ; | എ) | 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് ജോലി ലഭിക്കാത്ത BPL വിഭാഗത്തിൽ പ്പെട്ടവരുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ആനുകൂല്യം ബി.പി.എൽ വിഭാഗക്കാർക്കൊപ്പം എ.പി.എൽ വിഭാഗത്തിനും ബാധകമാക്കി യിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഇപ്രകാരം ആനുകൂല്യം പ്രഖ്യാപിച്ചതിനുശേഷവും ബാങ്കുകൾ കുടിശ്ശിക തുക ഈടാക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | സി) & ഡി) | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ആനുകൂല്യ ത്തിനർഹരായവരുടെ കുടിശ്ശിക തുക ബാങ്കുകൾ ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | ഇപ്രകാരം പലിശ ഇനത്തിൽ ബാങ്കുകൾ ഈടാക്കിയ തുക മുതലിനോട് ചേർത്ത് തിരിച്ചടവ് ബാധ്യതയിൽ കുറവു വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ